**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 750** **24-08-2022 - ൽ മറുപടിയ്ക്ക്**

**ജപ്തി ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്തവർക്ക് കോവിഡ് കാലത്ത് ലോൺതുക തിരിച്ചടക്കാൻ സാധിക്കാത്തതിനാൽ ജപ്തി നടപടികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ജപ്തി നടപടികൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. ലോൺ തുക തിരിച്ചടക്കാൻ സാധിക്കാത്തവരുടെ വായ്പാകുടിശ്ശിക ഇളവുകളോടെ അടച്ച് തീർത്ത് ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സാവകാശം വായ്പക്കാർക്ക് അനുവദിക്കുക എന്ന ഉദ്ദേശത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി വരുന്നു. 2021 ആഗസ്റ്റ് 16 ന് ആരംഭിച്ച പദ്ധതി നിലവിൽ 2022 സെപ്റ്റംബർ 15 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയിലൂടെ പരമാവധി ഇളവുകളോടെ വായ്പാ കുടിശ്ശിക അടച്ച് തീർത്ത് ജപ്തി നടപടികളിൽ നിന്നും ഒഴിവാകാവുന്നതാണ്. |
| (ബി) | ഇത്തരത്തിൽ ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വായ്പ തിരിച്ചടവിന് പലിശ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വായ്പ തിരിച്ചടവിന് പലിശ പൂർണ്ണമായി ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. എന്നാൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വായ്പയുടെ സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. പലിശയിൽ പരമാവധി 40% വരെ ഇളവ് അനുവദിക്കുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ട ശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നു. ജപ്തി നടപടികൾ നേരിടുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ളവർക്ക് അവരുടെ കടബാധ്യത ഒഴിവാക്കാൻ ഇപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ